DESPATCHED
On...21.5.2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No. 1601(5)/19/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 12768/SIC-G7/2019**

**സന്നിഹിത**
**ശ്രീമതി ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. യൂനുസ് കുഞ്ഞ്,
ചോലയിൽ പടിഞ്ഞാറ്റതിൽ,
മുകുന്ദപുരം പി.ഒ.,
ചവറ, കൊല്ലം
} അപ്പീൽ ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
ചവറ ഗ്രാമ പഞ്ചായത്ത് ഓഫീസ്,
ചവറ പി.ഒ., കൊല്ലം – 691 583.

അപ്പീൽ അധികാരി & പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
കൊല്ലം.
} എതിർകക്ഷികൾ

**ഉത്തരവ്**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 11.04.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 03.05.2019 |
| ഒന്നാം അപ്പീൽ | 10.06.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | ......... |
| രണ്ടാം അപ്പീൽ | 22.07.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 25.10.2019, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നില്ല |

1. അപ്പീൽ ഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, മുകുന്ദപുരം താലൂക്കിലെ പുത്തേഴത്ത് കിഴക്ക് വശം മുതൽ അമ്മവീട് ജംഗ്ഷൻ വരെയുള്ള വഴിയിൽ ഓട നിർമ്മിക്കുന്നതിനും കോൺക്രീറ്റ് ചെയ്യുന്നതിനും ആരെങ്കിലും ചെയ്യാൻ പാടില്ലെന്ന് പറഞ്ഞ് പരാതി നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ്, ചോലയിൽ കിഴക്കുവശം താരാട്ട് സ്കൂൾ ഓട നിർമ്മാണം ചെയ്യരുത് എന്ന് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ്, എന്നിങ്ങനെയുള്ള ഏതാനും വിവരങ്ങളും പകർപ്പുകളുമാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നുണ്ട് എങ്കിലും ടി മറുപടിയിൽ ആവശ്യപ്പെട്ട പ്രകാരമുള്ള ഫീസ് ഒടുക്കിയിട്ടും രേഖ നൽകിയില്ല എന്നും വിവരാവകാശ നിയമപ്രകാരം കൊടുത്ത അപേക്ഷയ്ക്ക് പഞ്ചായത്തിലെ ഉദ്യോഗസ്ഥൻ രസീത് നൽകിയില്ല എന്നും പഞ്ചായത്ത് കമ്മിറ്റിയുടെ മിനിറ്റ്സ് ബുക്കിന്റെ പകർപ്പിന് 1136/- രൂപ ഫീസ് അടയ്ക്കണമെന്നാണ് മറുപടി നൽകിയത് എന്നും ഇത്രയും രൂപ ഫീസ് ഒടുക്കേണ്ടത് എന്തിനാണ് എന്ന് പരിശോധിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ ഒന്നാം അപ്പീൽ സമർപ്പിച്ചു.

3. ഒന്നാം അപ്പീലിന്മേലും തീരുമാനം ലഭ്യമാകാത്തതിനെ തുടർന്ന് അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, പഞ്ചായത്ത് കമ്മിറ്റി മിനിറ്റ്സിന്റെ പകർപ്പ് നൽകിയിട്ടില്ല എന്നും ഫീസ് അടച്ചതിന് മാത്രമുള്ള പകർപ്പ് നൽകി എന്നുമാണ്.

4. മേൽ പരാമർശ വിഷയവുമായി ബന്ധപ്പെട്ട് ഒന്നാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ അറിയിക്കുന്നത്, അപ്പീൽവാദിയുടെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട പകർപ്പുകൾക്ക് 1328/- രൂപ ഫീസ് ഒടുക്കുവാൻ നിർദ്ദേശം നൽകികൊണ്ടുള്ള ഒരു മറുപടി നൽകി എന്നും ആയതു പ്രകാരം 21.05.2019 ൽ ടിയാൻ 192/- രൂപ ഒടുക്കിയതിനുള്ള പകർപ്പുകൾ 29.07.2019 ന് സൗജന്യമായി ഒരിക്കൽ കൂടി രജിസ്റ്റേർഡ് പോസ്റ്റിൽ അയച്ചു കൊടുത്തു എന്നും, ബാക്കി തുക അടയ്ക്കുന്ന മുറയ്ക്ക് ആവശ്യപ്പെട്ടിട്ടുള്ള മറ്റു രേഖകൾ നൽകുന്നതാണെന്നും ടിയാനെ അറിയിച്ചിട്ടുണ്ട് എന്നുമാണ്.

5. അപ്പീൽ ഹർജിയും മറ്റ് അനുബന്ധ രേഖകളും പരിശോധിക്കുമ്പോൾ, അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുള്ളതായും ആയതിന്റെ രേഖാപ്പകർപ്പുകൾക്ക് ആവശ്യമായ ഫീസ് ഒടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതായും എന്നാൽ ആയതിന്മേൽ 2018 മുതൽ 2019 മാർച്ച് 31 വരെയുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ മിനിറ്റ്സിന്റെ പകർപ്പ് ഒഴികെ ബാക്കി എല്ലാം ടിയാൻ കൈപ്പറ്റിയിട്ടുള്ളതായി കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഒന്നാം എതിർകക്ഷി നിയമാനുസൃതം നൽകിയ മറുപടി പ്രകാരം ആവശ്യമുള്ള ഫീസ് ഒടുക്കി രേഖാപ്പകർപ്പുകൾ ലഭ്യമാക്കാൻ ശ്രമിക്കാതെ ഒന്നാം അപ്പീലും രണ്ടാം അപ്പീലും നൽകുകയാണുണ്ടായത്.

6. ഒന്നാം എതിർകക്ഷി നൽകിയ മറുപടി പരിശോധിക്കുമ്പോൾ, ഓരോ ചോദ്യത്തിനും ഫീസ് ഒടുക്കേണ്ട രീതിയും എത്ര രൂപ ഫീസ് ഒടുക്കണമെന്നും നിശ്ചിത സമയത്തിനുള്ളിൽ വ്യക്തമായി അറിയിച്ചിട്ടുള്ളതാണ്. എന്നാൽ ഇവിടെ 192/- രൂപ മാത്രമാണ് അടച്ചിട്ടുള്ളത് എന്നും

കമ്മീഷൻ വിലയിരുത്തുന്നു. ടി സാഹചര്യത്തിൽ ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന പഞ്ചായത്ത് കമ്മിറ്റിയുടെ മിനിറ്റ്സിന്റെ പകർപ്പിന് 03.05.2019 ൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ നിർദ്ദേശിച്ച പ്രകാരമുള്ള ഫീസ് ഒടുക്കി രേഖാപ്പകർപ്പുകൾ ലഭ്യമാക്കേണ്ടതാണെന്ന് അപ്പീൽ ഹർജിക്കാരന് നിർദ്ദേശം നൽകുന്നു. ഇപ്രകാരം ഫീസ് ഒടുക്കുന്ന മുറയ്ക്ക് ശേഷിക്കുന്ന പകർപ്പുകൾ കൂടി ടിയാന് നൽകേണ്ടതാണെന്ന് എതിർകക്ഷിക്ക് ഉത്തരവ് നൽകികൊണ്ട് ഈ അപ്പീൽ ഹർജി **ഇന്നേദിവസം 2020 ജനുവരി മാസം 31 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**